LIBRARY ARCHIVES Kerala Legislative Assembly

മെഡിസിൻ, തൃശൂർ, സാമൂഹ്യനീതി വകുപ്പും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ റിട്ടാർഡേഷനും സംയുക്തമായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത മുപ്പത് പഞ്ചായത്തുകളിലെ ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനായി അംഗൻവാടി വർക്കർമാർക്കുള്ള പരിശീലനവും നൽകിവരുന്നു. അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 18-5-2013-ലെ സ.ഉ. (പി) നമ്പർ 40/13/സാനീവ പ്രകാരം 16-8-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി സേവനം ചെയ്ത ഏകദേശം 2677 അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം നൽകിവരുന്നു. ഇത് കൂടാതെ ഭിന്നശേഷിയുള്ളവരുടെ മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുന്നതിന് ഒരു പോളിസിക്ക് രൂപം കൊടുത്തുവരുന്നു. ഈ പോളിസി അംഗീകരിച്ച് നടപ്പിലാക്കി കഴിയുമ്പോൾ ഭിന്നശേഷിയുള്ളവരുടെ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ വ്യക്തമായും സമഗ്രമായും പരിഹരിക്കാൻ സാധിക്കും. ഇതിനുപുറമെ ഇന്ത്യയിലാദ്യമായി കേരളത്തിൽ ഭിന്നശേഷിയുള്ളവരുടെ മൊത്തത്തിലുള്ള ഒരു സർവ്വേ ആരംഭിക്കുകയാണ്. അതുകഴിയുന്നതോടുകൂടി മറ്റുള്ളവർ ഭിന്നശേഷിയുള്ളവരുടെ ഒഴിവുകൾ തട്ടിയെടുക്കുന്നത് തടയാൻ സാധിക്കും. ഇങ്ങനെ ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് മറുപടി പറയാൻ അൽപ്പസമയം കൂടുതലെടുത്തതിൽ ബഹുമാനപ്പെട്ട ചെയറിനോട് ക്ഷമ ചോദിക്കുന്നു.

ശ്രീ. എം. പി. വിൻസെന്റ് : സർ, ഈ വിഭാഗക്കാർക്കായുള്ള സർക്കാരിന്റെ നല്ലരീതിയിലുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതിൽ അദ്ദേഹത്തോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. അതിലുപരി, വികലാംഗർക്ക് നൽകുന്ന വാർദ്ധക്യകാലപെൻഷൻ 4000 രൂപയാക്കി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ; ഇവർക്ക് പരസഹായമില്ലാതെ ജീവിക്കാൻ ബുദ്ധിമുട്ടാണ്. വാർദ്ധക്യകാലത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വാർദ്ധക്യകാല പെൻഷൻ ആരംഭിക്കാനും അതിന്റെ തുക കൂട്ടി 4000 രൂപയെങ്കിലും കൊടുക്കാവുന്നൊരു പദ്ധതിയുണ്ടാക്കാനും കഴിയുമോ ?

ഡോ. എം. കെ. മുനീർ : ഇപ്പോൾ സാധാരണരീതിയിലുള്ള വാർദ്ധക്യകാല പെൻഷനാണ് അവർക്കായി അനുവദിച്ചുകൊണ്ടിരിക്കുന്നത്. ഇവർക്കായി പോളിസി രൂപീകരിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

2. സ്വകാര്യ ലാബുകളുടെ പ്രവർത്തനക്ഷമത

ശ്രീമതി കെ. എസ്. സലീഖ : സർ, നമ്മുടെ സംസ്ഥാനത്ത് ചെറുതും വലുതുമായ പതിനായിരത്തോളം സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ അമിതമായിട്ടുള്ള ഫീസാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഒരേ പരിശോധനയ്ക്കുതന്നെ പല സ്ഥാപനങ്ങളും പലതരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഫീസാണ് ഈടാക്കുന്നത്. വൃത്തിഹീനമായിട്ടുള്ള അന്തരീക്ഷത്തിൽ അടിസ്ഥാന യോഗ്യതപോലുമില്ലാത്ത ആളുകളെ വച്ചുകൊണ്ടാണ് ഇത്തരം ലാബുകൾ പ്രവർത്തിക്കുന്നതെന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. അതുകൊണ്ടുതന്നെ ഇത്തരം ലാബുകളിൽ നടത്തുന്ന രക്തപരിശോധനകൾക്ക് തെറ്റായ റിസൾട്ടുകളും ഒരേ അസുഖത്തിന് പലതരത്തിലുള്ള റിസൾട്ടുകളുമാണ് നൽകുന്നത്. ലൈസൻസില്ലാത്ത സ്വകാര്യ ലാബുകൾ രക്തം വിൽപ്പനയ്ക്ക് സൂക്ഷിക്കുകയും കാലാവധി കഴിഞ്ഞ രാസവസ്തുക്കളുപയോഗിച്ച് പരിശോധന നടത്തുകയും ചെയ്യുന്നത് നിർബാധം തുടരുകയാണ്. ജനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ ഭീതിയുണ്ട്. ഇപ്പോൾ മഴക്കാല രോഗങ്ങൾ പിടിപെടാൻ തുടങ്ങിയതോടുകൂടി ഇത്തരം സ്വകാര്യ ലാബുകളുടെ കൊള്ള ശക്തമായ രീതിയിൽ തുടരുകയാണ്. ഡങ്കിപ്പനിക്കുള്ള രക്ത പരിശോധന നടത്തുന്നതിന് സർക്കാർ ലാബുകളിൽ 60 മുതൽ 100 രൂപ വരെ മാത്രം നിരക്കുള്ളപ്പോൾ സ്വകാര്യലാബുകളിൽ 250 രൂപ മുതൽ 500 രൂപവരെ വാങ്ങുന്നുണ്ട്. പരിശോധനകൾക്കും ഗവൺമെന്റ് റേറ്റും സ്വകാര്യ ലാബുകളിലെ റേറ്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയാണ്. സംസ്ഥാനത്ത് ഇപ്പോൾ ഡങ്കിപ്പനി, എലിപ്പനി, ടൈഫോയ്ഡ് പലതരത്തിലുള്ള ഹെപ്പറ്റൈറ്റിസുകൾ, വയറിളക്കമുൾപ്പെടെയുള്ള വിവിധയിനം മാരക രോഗങ്ങൾ ബാധിച്ച് ചികിത്സ തേടുന്നവരിൽ 30 ശതമാനംപേർ മാത്രമാണ് സർക്കാർ ആശുപത്രികളിലെ സേവനം ലഭ്യമാക്കുന്നത്. ബാക്കി 70 ശതമാനത്തോളമാളുകളും സ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നതെന്നതുകൊണ്ടുതന്നെ ആ സ്ഥാപനങ്ങൾ ഇത്തരത്തിൽ കടുത്ത ഫീസ് ഈടാക്കി ജനങ്ങളെ പിഴിഞ്ഞെടുക്കുന്നൊരു സാഹചര്യമാണ് നിലവിലുള്ളത്. ഇത് തടയുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കാരണം, മേൽപ്പറഞ്ഞ രോഗങ്ങളൊക്കെ രക്തപരിശോധനയ്ക്ക് വിധേയമാക്കി രോഗനിർണ്ണയം നടത്തേണ്ടത് വളരെ അനിവാര്യമാണ്. അതിനായി ലാബുകളെതന്നെ ആശ്രയിക്കണമെന്നതുകൊണ്ട് യഥാർത്ഥത്തിൽ സ്വകാര്യ ലാബുകൾ പാവങ്ങളെ മുതലെടുക്കുന്നുവെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട വസ്തുത. അതുകൊണ്ട് സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ തയ്യാറാകണം. ജനങ്ങളുടെ ജീവനും സ്വത്തും വച്ച് പന്താടുന്ന പ്രവണത തടയുന്നതിനുവേണ്ടി സർക്കാർ ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിട്ടുള്ളതാണ്. പക്ഷെ, ഈ നിയമസഭയിലും ആ ബിൽ കൊണ്ടുവന്നതായി കാണുന്നില്ല. കേന്ദ്ര സർക്കാർ 2010-ൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് ഒരു ആക്ട് കൊണ്ടുവരികയും ചില സംസ്ഥാനങ്ങൾ അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ നിയമനിർമ്മാണ മേഖലയിൽ ഇൻഡ്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള കേരള നിയമസഭ, 2013-ൽ കൊണ്ടുവന്ന ഈ ബിൽ നാളിതുവരെയായിട്ടും നിയമമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ടതുണ്ടെന്നുള്ളതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. വളരെയേറെ ഗൗരവമേറിയ വിഷയമായിട്ടും ഗവൺമെന്റ് ഈ രംഗത്തുള്ള ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ഇടപെടലും നടത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽ ക്ഷയരോഗ പരിശോധന നടത്തിയ വേളയിൽ കാലാവധി കഴിഞ്ഞ കിറ്റുകളു പയോഗിച്ചുവെന്നുള്ള റിപ്പോർട്ടുകൾ മാധ്യമങ്ങളിലൊക്കെ ശക്തമായ നിലയിൽ വന്നിരുന്നു. ഇങ്ങനെ എത്രപേർ അനാവശ്യമായ ചികിത്സയ്ക്കുവിധേയമായിട്ടുണ്ട് ; രോഗമുണ്ടായിട്ടും അത് കണ്ടെത്താനാകാത്ത എത്ര ആളുകളുണ്ട് ; രോഗം കണ്ടെത്താൻ കഴിയാതെ മരണത്തിന് കീഴ്പ്പെടേണ്ടിവന്ന എത്ര ആളുകളുണ്ട് എന്നതിനെ സംബന്ധിച്ചൊന്നും വ്യക്തമായ കണക്കില്ല. അതുകൊണ്ടുതന്നെ ചൂഷണങ്ങളിൽനിന്ന് രക്ഷനൽകാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്ന തിനായി സ്വകാര്യ ലാബുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും ഏകീകൃത പരിശോധനാ നിരക്ക് ഏർപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഗവൺമെന്റ് ഈ രംഗത്ത് ശക്തമായ ഇടപെടൽ നടത്തിയില്ലെങ്കിൽ വലിയ ആപത്തായിരിക്കും നമ്മുടെ നാടിനുണ്ടാകാൻ പോകുന്നത് എന്നതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവത്തോടു കൂടി കാണണമെന്നതാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ മുന്നോട്ടു വയ്ക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ആരോഗ്യമേഖലയിൽ ചികിത്സ, ഏറ്റവും നല്ല രീതിയിൽ നൽകണമെങ്കിൽ രോഗനിർണ്ണയമെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. രോഗനിർണ്ണയം ശരിയായ രീതിയിൽ നടത്തിയില്ലെങ്കിൽ ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ കഴിയില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം 70 ശതമാന ത്തിലധികമാളുകളും ആരോഗ്യസേവനം ലഭ്യമാക്കുന്നത് സ്വകാര്യമേഖലയിലെ ആശുപത്രികളും ഡിസ്പെൻസറികളും ലബോറട്ടറികളും വഴിയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കാൻ ഇപ്പോൾ ഒരു നിയമം നിലവിലില്ല. 2010-ൽ കേന്ദ്ര സർക്കാർ 'ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും' എന്ന നിയമം കൊണ്ടുവരികയും ഏതാനും സംസ്ഥാനങ്ങൾ അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്ന സേവനങ്ങൾ, സൗകര്യങ്ങൾ എന്നിവയ്ക്ക് മിനിമം സ്റ്റാന്റേർഡ് നിർണ്ണയിച്ചുകൊണ്ടാണ് പ്രസ്തുത നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നത്. കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമായതിനാൽ സംസ്ഥാനത്തിന് മാത്രം ബാധകമായ ഒരു നിയമം ആവശ്യമാണെന്ന് കണ്ടതിന്റെയടിസ്ഥാനത്തിൽ സർക്കാർ ഈ മേഖലയിലെ വിദഗ്ദ്ധരുമായി കൂടിയാലോചനകൾ നടത്തുകയും കേരളത്തിന്റെ സാഹചര്യത്തിനനുയോജ്യമായ ഒരു ബിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകാവുന്ന മിനിമം സ്റ്റാന്റേർഡ് നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടെ, അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ചാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവുമായി ബന്ധപ്പെട്ട

കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള 'കേരളാ ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും' ബിൽ നിയമമാകുന്നതിന്റെ അവസാനഘട്ടത്തിലാണ്. സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളുടേയും സൗകര്യങ്ങളുടേയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ചുകൊണ്ട് ആതുരസേവന രംഗത്ത് യൂണിഫോം സ്റ്റാന്റേർഡ് കൊണ്ടുവരുന്നതിനാണ് പ്രസ്തുത നിയമം ലക്ഷ്യമിടുന്നത്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്ന സേവനങ്ങളുടേയും സൗകര്യങ്ങളുടേയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും നിയന്ത്രണവുമാണ് ബില്ലിൽ പ്രധാനമായും വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ബില്ലിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള സംവിധാനവും വിഭാവനം ചെയ്യുന്നുണ്ട്. പ്രതിരോധ വകുപ്പിന്റെ കീഴിലല്ലാത്ത എല്ലാ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിലുമുൾപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാണ്. ഈ ബിൽ നിയമമാകുന്നതോടുകൂടി സ്ഥാപനങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളുണ്ടാകുകയും അനധികൃതവും അംഗീകൃതയോഗ്യത ഇല്ലാത്തതുമായവ നിർത്തലാക്കുകയും ചെയ്യും. ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് കർശനശിക്ഷയും വിഭാവനം ചെയ്യുന്നുണ്ട്. ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ച് നിയമസഭാ സാമാജികർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്. ബിൽ താമസംവിനാ നിയമസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടുകൂടി സംസ്ഥാനത്ത് സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളുടെമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണങ്ങളുണ്ടാകുന്നതാണ്. ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾക്കുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെയുണ്ടാകും. ഗുണനിലവാര പരിശോധന കർശനമാക്കും. അനധികൃതമായതും യോഗ്യത ഇല്ലാത്തതുമായ ലാബുകൾ നിർത്തലാക്കും. വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ശിക്ഷയുണ്ട്. ലാബ് പരിശോധനകൾക്കുള്ള നിരക്കുകൾ ഏകീകരിക്കും. ഇക്കാര്യങ്ങളെല്ലാം ഈ ബില്ലിൽ വരുന്നുണ്ട്. ഈ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടുതന്നെ ഗവൺമെന്റ് ഈ മേഖലയിൽ ഗുണനിലവാരമുള്ള പരിശോധനകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിലുള്ള ലാബുകളെന്നുപറയുമ്പോൾ ഗുണനിലവാരമുള്ളതാണെന്നുള്ളതിന് സംശയമില്ല. അവിടെ കാളിഫൈഡായിട്ടുള്ള ലാബ് ടെക്നീഷ്യൻസും അതിനുള്ള സംവിധാനങ്ങളും കാണും. അതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ കേരളത്തിൽ 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറികൾ തുടങ്ങുകയാണ്. എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലേക്കും ലാബുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി 250 പി.എച്ച്.സി.-കളിൽ ലാബുകൾ ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതോടൊപ്പം തന്നെ, പബ്ലിക്ക് ഹെൽത്ത് ലാബിൽ ഏറ്റവും വിദഗ്ദ്ധമായ പരിശോധനകൾ നടത്തുന്നതിനുള്ള പി.സി.ആർ. ടെസ്റ്റ് ലാബ് ഇതുവരെയും നമ്മുടെ സംസ്ഥാനത്ത് ഇല്ലായിരുന്നു. അത് സ്ഥാപിച്ചുകഴിഞ്ഞു. നേരത്തെ ഡെങ്കിപ്പനി പോലെയുള്ള മാരക രോഗങ്ങൾ വരുമ്പോൾ അത് പരിശോധിക്കുന്നതിനുവേണ്ടി സാമ്പിളുകളും മറ്റും രാജീവ്ഗാന്ധി സെന്റർ, മണിപ്പാൽ, പൂന തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കേണ്ട സാഹചര്യമാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽത്തന്നെ പോളിമറൈസ്ഡ് ചെയിൻ റിയാക്ഷനുള്ള ലാബ് സ്ഥാപിച്ചുകഴിഞ്ഞു. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ ആഭിമുഖ്യത്തിൽ എ.സി.ആർ. ലാബ്, അഡ്വാൻസ്ഡ് ക്ലിനിക്കൽ റിസർച്ച് ലാബുകൾ തുടങ്ങിയവ കൂടുതലായി സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഉടൻതന്നെ ഹരിപ്പാട്, പേരൂർക്കട, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. രണ്ട് ദിവസത്തിനു മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. അവരുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ പ്രധാന ആശുപത്രികളോട് ചേർന്നുള്ള എല്ലാ ആശുപത്രികളിലും പ്രത്യേകിച്ച് ജില്ലാ ആശുപത്രികളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഏറ്റവും ആധുനിക സജ്ജീകരണങ്ങളോടുകൂടിയുള്ള ലാബുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അവിടെ ബി.പി.എൽ.-കാർക്കുള്ള പരിശോധന സൗജന്യമാണ്. സർക്കാർതലത്തിലുള്ള ലാബ് ഫെസിലിറ്റി ഏറ്റവും നല്ല രീതിയിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് ഘട്ടംഘട്ടമായി മുന്നോട്ടുപോകുകയാണ്. ഇന്ന് നിലവിലുള്ള നിയമമനുസരിച്ചുകൊണ്ടുതന്നെ നമ്മുടെ ലാബുകളിലുള്ള പരിശോധന, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പബ്ലിക്ക് ഹെൽത്ത് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ടുതന്നെ ഡി.എം.ഒ.-മാർ ഈ ലാബുകൾ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇന്നുതന്നെ കേരളത്തിൽ ഒരു 'സേഫ് കേരള' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഫലമായി കേരളത്തിലെ മുഴുവൻ ലാബുകളും, മറ്റ് പ്രദേശങ്ങൾ, സ്കൂളുകൾ -സ്കൂളുകളുടെ ശുചിത്വമടക്കമുള്ളത് പരിശോധിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ലാബുകളും പരിശോധിക്കുന്നതിനായി ഡി.എം.ഒ.-മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിലവിലുള്ള സാഹചര്യമനുസരിച്ച് പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. പുതിയ നിയമം വരുമ്പോൾ തീർച്ചയായും ഇക്കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി പരിഹരിക്കാൻ കഴിയുമെന്നതാണ് ഗവൺമെന്റിന്റെ വിശ്വാസം.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, പുതിയ നിയമം വന്നാൽ ഈ പ്രശ്നങ്ങൾക്ക് ഏറെ പരിഹാരമാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ ആ നിയമം എത്രയും പെട്ടെന്ന് കൊണ്ടുവരുന്നതിനുള്ള ഇടപെടലുണ്ടാകണമെന്നതാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. നമ്മുടെ നാട്ടിലെ പല സേവനങ്ങളും ഇന്ന് വലിയ കച്ചവട കേന്ദ്രങ്ങളായി മാറുന്ന സ്ഥിതിയുണ്ടെന്നുള്ളതുകൊണ്ടുതന്നെ, അക്കൂട്ടത്തിലാണ്, ഈ സ്വകാര്യ ലാബുകളുടെ പ്രവർത്തനത്തെയും പെടുത്തേണ്ടതെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ-ടെക്നോളജിയുമായി ചർച്ച നടത്തി ഗവൺമെന്റ് സ്ഥാപനത്തിൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ ലാബുകൾ ആരംഭിക്കാമെന്നുള്ള നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അതിന് ഗവൺമെന്റ് വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ സൂചിപ്പിച്ചു. പല സർക്കാർ ആശുപത്രികളിലും ഇപ്പോൾ നിലവിലുള്ള

ലാബുകളിൽത്തന്നെ പരിശോധനാ വിഭാഗം ജീവനക്കാരെ യഥാസമയം നിയമിക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് പി.എസ്.സി. വഴി ജീവനക്കാരെ നിയമിച്ച് ആ ഗ്യാപ്പ് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, നിയമം വളരെ പെട്ടെന്നുതന്നെ പ്രാബല്യത്തിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഏറ്റവും ആധുനിക രീതിയിലുള്ള പരിശോധനാ സംവിധാനങ്ങളാണ് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഏർപ്പെടുത്തുന്നതെന്ന് ഗവൺമെന്റിന് ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 5,000 സ്ക്വയർഫീറ്റ് സ്ഥലം വേണം. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അത് കണ്ടെത്തുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നു. അതോടൊപ്പംതന്നെ ഇവിടെ ലാബ് ടെക്നീഷ്യൻസിന്റെ ഒഴിവിന്റെ കാര്യം പറഞ്ഞു. ലാബ് ടെക്നീഷ്യൻസ് കുറവുള്ള സ്ഥലങ്ങളിൽ തീർച്ചയായും അത് പരിശോധിക്കും. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ലാബ് ടെക്നീഷ്യൻസ് ഇല്ലെങ്കിൽ പരിശോധനാ സംവിധാനങ്ങളാകെ തകരാറിലാകും. ഇക്കാര്യം പരിശോധിച്ചതിനുശേഷം ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

V സബ്മിഷൻ

1. പഠന പ്രതിസന്ധി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കാസർഗോഡ് ജില്ലയിലെയും എന്റെ മണ്ഡലത്തിലെയും സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത ഒരു അടിയന്തര പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ മഹാഭൂരിപക്ഷംപേരും താൽക്കാലിക അദ്ധ്യാപകരാണ്. താൽക്കാലിക അദ്ധ്യാപകരെയെല്ലാം പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ താൽക്കാലിക അദ്ധ്യാപകരേയും പിരിച്ചുവിടാൻ ബന്ധപ്പെട്ട എച്ച്.എം. തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി പല സ്കൂളുകളിലും അദ്ധ്യാപകരില്ലാതെ പഠനം മുടങ്ങുകയാണ്. എന്റെ മണ്ഡലത്തിൽ മൂന്ന് ഹൈസ്കൂളുകൾ കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്, നീലമ്പാടി, ബന്തടുക്ക, പാണ്ടി. പാണ്ടിയിലെയും ബന്തടുക്കയിലെയും സ്കൂളുകൾ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയംവരിച്ചിരുന്നു. ഓരോ സ്കൂളിലും ആകെ രണ്ടും മൂന്നും സ്ഥിരം അദ്ധ്യാപകർ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. പാണ്ടി സ്കൂളിലാണെങ്കിൽ ഒരാളേയുള്ളൂ. ബാക്കി 27 പേരും താൽക്കാലിക ജീവനക്കാരാണ്. താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിട്ടതിന്റെ ഫലമായി സ്കൂളിലെ പഠിപ്പ് മുടങ്ങുകയാണ്. ഇത് വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, കാസർഗോഡ് ജില്ലയിലെ മിക്ക സ്കൂളുകളിലേയും സ്ഥിതി ഇതുതന്നെയാണ്. ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തതിനെ ഞാൻ എതിർക്കുന്നൊന്നുമില്ല. ബദൽ

LIBRARY ARCHIVES Kerala Legislative Assembly